HRDF

HUMAN RIGHTS DEFENCE FORUM (Regd)

(H.R.D.F)

KERALA STATE
I.S. Press Road, Ernakulam, Kochi - 682 018
(Registerd office at XL1/3313, I.S. Press Road, Ernakulam, Kochi - 18)

General Secretary
Adv. D.B. BINU
M/s. Cochin Chamber of Lawyers
2nd Floor of Fathima Plaza
Providence Road, Kochi - 18
Mob: 9895135081
Off. 0484 - 2390029

പ്രസ് റിലീസ്

കൊച്ചി- ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2065 കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽനിന്ന് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്ന് സംസ്ഥാന ആഭ്യന്തരവകുപ്പ് അറിയിച്ചു. ഏറ്റവും കൂടുതൽ കേസുകൾ പിൻവലിക്കാൻ തീരുമാനിച്ചത് കണ്ണൂർ ജില്ലയിലാണ്. 359 കേസുകൾ.

ഹ്യൂമൻ റൈറ്റ്സ് ഡിഫൻസ് ഫോറം ജനറൽ സെക്രട്ടറി അഡ്വ. ഡി.ബി. ബിനു വിവരാവകാശനിയമപ്രകാരം നൽകിയ അപേക്ഷയ്ക്ക് ആഭ്യന്തരവകുപ്പിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പി. ഗോപാലനാണ് ഈ മറുപടി നൽകിയത്. 2009 സെപ്റ്റംബർ 17 വരെയുള്ള കണക്കുകളാണ് ജില്ല തിരിച്ച് നൽകിയത്.

കണ്ണൂർ ജില്ലയിൽ 359 കേസുകളും കാസർകോഡ് 263, കോട്ടയം-211. വയനാട്-147, മലപ്പുറം-144 തിരുവനന്തപുരം സിറ്റി 162 കേസും റൂറൽ 43 കേസും കൊല്ലം 197, പത്തനംതിട്ട-64, ആലപ്പുഴ-154, ഇടുക്കി-22, എറണാകുളം സിറ്റി-38, എറണാകുളം റൂറൽ 65 തൃശൂർ-91 പാലക്കാട് 47, കോഴിക്കോട് സിറ്റി 67, റൂറൽ 81. റെയിൽ വേസ് 10 കേസ്. കേസുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് പ്രതികൾ ഉൾപ്പെടുന്ന വ്യക്തികൾ സർക്കാരിന് സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുകയും കേസുകൾ പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ല എന്ന വിവരം ബന്ധപ്പെട്ട ജില്ല കളക്ടറെയും മറ്റു ഉദ്യോഗസ്ഥരെയും ഇത് അറിയിക്കുകയും സർക്കാർ [illegible] അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു എന്നാണ് മറുപടിയിൽ പറയുന്നത്. എന്നാൽ, പ്രതിപ്പട്ടികയിൽ ഉൾപ്പെടുന്ന ആളുകളുടെ പേരുകളോ മറ്റു വിവരങ്ങളോ ഈ വകുപ്പിൽ സൂക്ഷിക്കുന്നില്ലെന്ന് മറുപടിയിൽ വ്യക്തമാക്കുന്നു.

നായനാർ വധശ്രമ കേസുമായി ബന്ധപ്പെട്ട [illegible] ഫയൽ നശിപ്പിക്കപ്പെട്ടതിനാൽ വിവരം നൽകാനാവില്ല എന്നും ആഭ്യന്തരവകുപ്പ് പറയുന്നു. നായനാർ വധശ്രമ കേസ് പിൻവലിക്കാൻ ആവശ്യപ്പെട്ടതും യു.ഡി.എഫ്, എൽ.ഡി.എഫ് ഭരണകാലത്ത് ലഭിച്ച അപേക്ഷകളുടെയും സ്വീകരിച്ച നടപടികളും ഉൾക്കൊള്ളുന്ന രേഖകൾ വിവരാവകാശനിയമപ്രകാരം ആവശ്യപ്പെട്ടപ്പോഴാണ് ഈ മറുപടി ലഭിച്ചത്.

[illegible]